
قطوف من الآداب

## അൽപ്പം ചില

# പെരുമാറ്റ മര്യാദകൾ





**ശൈഖ് സ്വാലിഹ് അസ്സിന്ദി**

ഹഫിളഹുല്ലാഹ്

الأستاذ بقسم العقيدة
بالجامعة الإسلامية بالمدينة


വിവർത്തനം: അനസ് നദീരി

"സൽസ്വഭാവത്തിനും പെരുമാറ്റമര്യാദകൾക്കും ഏറെ പ്രാധാന്യം നൽകുന്ന മതമാണ് ഇസ്ലാം. സൽ സ്വഭാവങ്ങളുടെ പൂർത്തീകരണവുമായി നിയോഗിക്കപ്പെട്ട റസൂൽ ﷺ മഹത്തായ സ്വഭാവത്തിന് ഉടമയാണെന്ന് ഖുർആൻ പറഞ്ഞിട്ടുണ്ട്. ജനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും നല്ല സ്വഭാവത്തിനുടമയായിരുന്നു റസൂൽ ﷺ എന്ന് അവിടുത്തെ അനുചരൻ അനസ് -റളിയല്ലാഹു അൻഹു- സാക്ഷ്യപ്പെടുത്തുന്നു. നബി ﷺ ക്ക് ഏറ്റവും പ്രിയപെട്ടവരും ഏറ്റവും ഈമാൻ പൂർണമായവരും ഖിയാമത്ത് നാളിൽ നബി ﷺ യോട് ഏറ്റവും അടുത്തവരും ഏറ്റവും നല്ല സ്വഭാവമുള്ളവരാണെന്ന് അവിടുന്ന് പഠിപ്പിച്ചിട്ടുണ്ട്. മീസാനിൽ ഏറ്റവും ഘനം തൂങ്ങുന്നതും കൂടുതൽ ആളുകൾ സ്വർഗത്തിൽ പ്രവേശിക്കാനുള്ള കാരണങ്ങളിലൊന്നും സ്വൽസ്വഭാവമാണ്. ഈ സൽസ്വഭാവത്തിന്റെ പ്രാധാനപ്പെട്ട ഭാഗമാണ് പരസ്പരമുള്ള പെരുമാറ്റ മര്യാദകൾ.

ശൈഖ് സ്വാലിഹ് അസ്സിൻദി ഹഫിളഹുല്ലാഹ് തന്റെ "അൽ അദബു ഉൻവാനുസ്സആദ" എന്ന ചെറു കൃതിയിൽ പറഞ്ഞ ചില പെരുമാറ്റമര്യാദകളാണ് ഇവിടെ വിവർത്തനം ചെയ്തിട്ടുള്ളത്. ചിലപ്പോൾ നിസ്സാരമെന്ന് തോന്നിയേക്കാവുന്ന ഇതിലെ പല കാര്യങ്ങളും അവഗണിക്കുന്നതു കൊണ്ടുണ്ടാകുന്ന അനന്തര ഫലം പലപ്പോഴും വളരെ ഗുരുതരമായിരിക്കും"

# അൽപ്പം ചില
# പെരുമാറ്റ മര്യാദകൾ

ശൈഖ് സ്വാലിഹ് അസ്സിന്ദി

ഹഫിളഹുല്ലാഹ്

വിവർത്തനം

അനസ് നദീരി

(Malayalam)
***Alppam chila Perumatta Mariyadakal***

Author :
***Shaikh Salih Al- Sindhi***

Translation:
***Anas naderi***

Publisher :
***Darul huda Charitable Trust***
Karaparamba, Kozhikode

Printed at :
***Thoolika Designs, Calicut***
First Edition : 2020

بسم الله الرحمن الرحيم

- നീ സംസാരിക്കുന്നതിനേക്കാൾ നിന്റെ സുഹൃത്ത് പറയുന്നത് കേൾക്കാനാണ് നിനക്ക് താൽപര്യം എന്ന് നിന്നോട് ഇടപഴകുന്നവർക്ക് മനസ്സിലാകുന്ന രൂപത്തിൽ നീ പെരുമാറുക.

- ഒരു കാര്യം പറഞ്ഞു തുടങ്ങിയ ശേഷം, ഇത് പറയാതിരിക്കലാണ് നല്ലത് എന്ന് പെട്ടെന്ന് നിനക്ക് തോന്നിയ പോലെ സംസാരം മുഴുവനാക്കാതെ പെട്ടെ-ന്ന് നിർത്തുന്ന സ്വഭാവം നിനക്കുണ്ടാകരുത്!
  സംസാരിച്ച് തുടങ്ങുന്നതിനു മുമ്പ് എന്തേ നിനക്കങ്ങനെ ചിന്തിച്ച് കൂടായിരുന്നോ..?

- നിന്റെ സുഹൃത്തിൽ നിന്നൊരു അഭിപ്രായം കേൾക്കുകയും നിനക്കത് വളരെ നന്നായി തോന്നുകയും ചെയ്താൽ പിന്നീടത് നീ നിന്റെ ചിന്തയെന്ന രൂപത്തിൽ മറ്റുള്ളവരോട് അവതരിപ്പിച്ച് നിനക്കതൊരു അലങ്കാ-രമാക്കരുത്. മറിച്ച് അത് പറഞ്ഞയാളിലേക്ക് ചേർത്തി പറയുക. അത് നല്ല വ്യക്തിത്വത്തിന്റെ ഭാഗമാണ്.

- ഗൗരവമായ സംസാരത്തിനിടക്ക് തമാശയാക്കി കൊണ്ടോ, തമാശക്കിടയിൽ ഗൗരവമുണ്ടാക്കി കൊണ്ടോ ഗൗരവമുള്ള കാര്യങ്ങളും തമാശയും തമ്മിൽ കൂട്ടിക്കുഴക്കരുത്. കാരണം അത് ഗൗരവമുള്ള കാര്യത്തിന്റെ ഗൗരവം കുറക്കുകയും തമാശയായ കാര്യത്തെ പ്രയാസകരമാക്കുകയും ചെയ്യും.

➢ നിന്റെ സുഹൃത്തിനോട് അവൻ വിവരമില്ലാത്തവനാണ് നീയാണ് അറിവുള്ളവൻ എന്ന് നീ പറയരുത്.

വ്യക്തമായി പറഞ്ഞില്ലെങ്കിലും സൂചനയായിപ്പോലും അത് പറയുന്നതിനെ നീ സൂക്ഷിക്കുക.

بِحسْبِ امرِئٍ مِنَ الشَّرِّ أَنْ يَحْقِرَ أَخاهُ المُسْلِمَ.

رواه مسلم ..

"തന്റെ മുസ്ലിമായ സഹോദരനെ നിസ്സാരമായി കാണുക എന്നത് മാത്രം മതി ഒരാക്ക് തിന്മയായി."

➢ ചില വിവേകമുള്ളവർ പറഞ്ഞിട്ടുണ്ട്:- മറ്റൊരാളുടെ സംസാരത്തെ ശബ്ദമുയർത്തി കവച്ച് വെക്കാൻ ശ്രമിക്കലും, അയാളുടെ സംസാരം നിർത്തിക്കാനായി ഇടയില് കയറി സംസാരിക്കലും മോശം സ്വഭാവങ്ങളിൽ പെട്ടതാണ്.

➢ ഒരാൾ നിനക്കറിയാവുന്ന ഒരു കാര്യം പറയുന്നത് കേട്ടാൽ അത് നിനക്കറിയാമെന്ന് മറ്റുള്ളവർ മനസ്സിലാക്കാൻ വേണ്ടി നീ ഇടയിൽ കയറി അയാളുടെ കൂടെ പറയുകയോ, അല്ലെങ്കിൽ അയാൾക്ക് പറഞ്ഞു കൊടുക്കുകയോ ചെയ്യരുത്. അത് അദബ് കേടാണ്.

**قال عطاء بن أبي رباح:**

**إنّ الشّاب ليحدّثني بحديث فأستمع له كأنّي لم أسمعه، ولقد سمعته قبل أن يولد.**

الجامع لأخلاق الراوي وآداب السامع

അത്വാഅ് ബ്നു അബീ റബാഹ് റഹിമഹുല്ലാഹ് പറഞ്ഞു:-
"ഒരു ചെറുപ്പക്കാരൻ എനിക്കൊരു ഹദീസ് പറഞ്ഞു തരും. ഞാനത് ഇതുവരെ കേട്ടിട്ടില്ലാത്തതു പോലെ ശ്രദ്ധിച്ച് കേൾക്കും. അയാൾ ജനിക്കുന്നതിന് മുമ്പ് ഞാനത് കേട്ടിട്ടുണ്ടാകും."

- നീ നിന്റെ സഹോദരങ്ങളുടെ കൂടെയിരിക്കുമ്പോൾ നല്ലത് പറയുക. അല്ലെങ്കിൽ മിണ്ടാതിരിക്കുക.

**الكلمة الطيبة صدقة**

"നല്ല വാക്ക് പറയൽ സ്വദഖയാണ്."

**من صمت نجا**

"മിണ്ടാതിരുന്നവൻ സുരക്ഷിതനായി."

**كفى بالمرء كذبا أن يحدث بكل ما سمع**

رواه مسلم

"ഒരാൾക്ക് കളവായി കേട്ടത് മുഴുവൻ പറയൽ മാത്രം മതി."

ഏറ്റവും കൂടുതൽ ജനങ്ങളെ നരകത്തിൽ വീഴ്ത്തുന്ന കാര്യങ്ങളിലൊന്ന് വായയാണ്.

നബി ﷺ പറഞ്ഞു:

**وإنَّ مِن أبغضِكُم إليَّ وأبعدِكُم منِّي يومَ القيامةِ الثَّرثارونَ والمتشدِّقونَ والمتفَيهقونَ،**

**قالوا : يا رسول الله**

**قد علِمنا الثَّرثارينَ والمتشدِّقينَ فما المتفَيهقونَ ؟ قالَ : المتَكَبِّرونَ**

أخرجه الترمذي

"എനിക്ക് ഏറ്റവും കോപമുള്ളവരും ഖിയാമത്ത് നാളിൽ എന്നോട് ഏറ്റവും അകന്നിരിക്കുന്നവരും; ചറ പറായെന്ന് ജാഡയിൽ സംസാരിക്കുന്നവരും , വലിയ വായിൽ മറ്റുള്ളവരെ പരിഹസിച്ചും ആക്ഷേപിച്ചും ധാരാളമായി സംസാരിക്കുന്നവരും, അഹങ്കാരത്തോടെ പൊങ്ങച്ചം കാണിച്ച് ധാരാളം സംസാരിക്കുന്നവരുമാണ് ....."

➢ നല്ലത് സംസാരിക്കാൻ പഠിക്കുന്നതു പോലെ തന്നെ നന്നായി ശ്രദ്ധിച്ച് കേൾക്കാനും നീ പഠിക്കുക.
നല്ല രൂപത്തിൽ ശ്രദ്ധിച്ച് കേൾക്കുന്നതിന്റെ ഭാഗമാണ്;

- സംസാരിക്കുന്നയാൾക്ക് അയാളുടെ സംസാരം അവസാനിപ്പിക്കുന്നത് വരെ സാവകാശം നൽകൽ.
- സംസാരിക്കുന്നയാൾക്ക് അഭിമുഖമായി ഇരിക്കൽ
- അദ്ദേഹത്തെ നോക്കുകയും ശ്രദ്ധിക്കുകയും ചെയ്യൽ

➢ ഒരു നാട്ടുകാരെ, ഒരു ഗോത്രക്കാരെ, ഒരു വിഭാഗം ആളുകളെ മൊത്തത്തിൽ ആക്ഷേപിച് സംസാരിക്കുന്നതിനെ നീ സൂക്ഷിക്കുക. ചിലപ്പോൾ നിന്റെ ചില സുഹൃത്തുക്കളും അവരിലുണ്ടായേക്കും. അവരും ആ ആക്ഷേപത്തിൽ പെട്ടു പോകും.

➢ മറ്റൊരാളോട് ചോദിക്കപ്പെട്ട ചോദ്യത്തിന്, കിട്ടിയ ഒരു അവസരമെന്ന നിലക്ക് നീ ചാടിക്കയറി ഉത്തരം പറയരുത്. അത് അവിവേകവും അദബ് കേടുമാണ്.

ഇബ്നു അബ്ദുൽ ബറ് റഹിമഹുല്ലാഹ് പറഞ്ഞു:

**ستة إذا أهينوا فلا يلوموا إلا أنفسهم:**

**الذاهب إلى مائدة لم يُدعَ إليها**

**وطالب الفضل من اللئام**

**والداخل بين اثنين في حديثهما من غير أن يُدخِلاه فيه**

**والمُستخِفّ بالسلطان**

**والجالس مجلساً ليس من أهله**

**والمقبل بحديثه على من لا يسمع منه ولا يصغي إليه**

(بهجة المجالس وأنس المجالس)

"ആറ് വിഭാഗം ആളുകൾ വശളാക്കപ്പെട്ടാൽ അവർ അവരെ തന്നെ കുറ്റപ്പെടുത്തിക്കൊള്ളട്ടെ. (അതിന് കാരണക്കാർ അവർ തന്നെയാണ് എന്നർത്ഥം.)

- ക്ഷണിക്കാത്ത സദ്യയിലേക്ക് പോകുന്നവർ
- നീചനായ ആളിൽ നിന്ന് അയാളുടെ ഔദാര്യം തേടുന്നവൻ
- സംസാരിച്ചു കൊണ്ടിരിക്കുന്ന രണ്ടാളുകൾക്ക് ഇടയിലേക്ക് തന്നെ വിളിക്കാതെ സംസാരത്തിന് ചെല്ലുന്നവൻ.
- അധികാരികളെ കൊച്ചാക്കുന്നവൻ.
- അർഹതയില്ലാത്ത സ്ഥാനത്ത് കയറിയിരിക്കുന്നവൻ.
- താൻ പറയുന്നത് കേൾക്കാത്ത, തനിക്ക് ചെവി തരാത്തവനോട് സംസാരിക്കാൻ ചെല്ലുന്നവൻ."

➢ സംസാരിക്കുമ്പോൾ ശബ്ദം താഴ്ത്തി സൗമ്യമായി സംസാരിക്കുക എന്നത് എത്ര നല്ല കാര്യമാണ്. ആവശ്യത്തിലധികം ശബ്ദമുയർത്തുന്നത് അദബ് കേടാണ്. പ്രത്യേകിച്ചും ആദരവർഹിക്കുന്ന ആളുകളോട്. മാതാപിതാക്കളോട് വളരെ പ്രത്യേകിച്ച്.

ഉമറുബ്നുൽ അബ്ദിൽ അസീസ് റഹിമഹുല്ലാഹ് പറയുന്നു: "തന്റെ ( അടുത്തുള്ള ) സഹോദരനേയും കൂടെയിരിക്കുന്നവനേയും കേൾപ്പിക്കാൻ മാത്രം ശബ്ദം മതി ഒരാളുടെ സംസാരത്തിന്. "

➢ ഒരു സദസ്സിൽ ചെന്നാൽ അവിടെയുള്ള രണ്ടാളുകൾക്കിടയിൽ അവരുടെ അനുവാദമില്ലാതെ ഇരിക്കരുത്. തിങ്ങി ഇരിക്കുന്ന സദസ്സിൽ നിനക്കായി അവർ ഒതുങ്ങിത്തന്നാൽ നീയും ഒതുങ്ങി ഇരിക്കുക. അപ്പോൾ നീ ചമ്രം പടിഞ്ഞിരിക്കരുത്. സദസ്സിൽ ആളുകൾ അവസാനിക്കുന്നിടത്ത് ഇരിക്കാൻ ശ്രമിക്കുക.

ജാബിറുബ്നു സമുറ റളിയല്ലാഹു അൻഹു പറയുന്നു:

"كُنَّا إِذَا أَتَيْنَا النَّبيّ جلس أحدنا حيث ينتهي"

رواه أبو داود,والترمذي

"നബി ﷺ യുടെ അടുക്കൽ ചെന്നാൽ സദസ്സ് അവസാനിക്കുന്നിടത്താണ് ഞങ്ങളിലോരോരുത്തരും ഇരിക്കാറുള്ളത്. "

.وَكَان ابنُ عُمَرَ إذَا قام لهُ رَجُلٌ مِنْ مجْلِسه لَمْ يَجلسْ فِيه

أخرجه مسلم

ഇബ്നു ഉമർ -റളിയല്ലാഹു അൻഹു- വിന് വേണ്ടി സദസ്സിൽ നിന്ന് ആരെങ്കിലും എണീറ്റ് കൊടുത്താൽ അദ്ദേഹം അവിടെ ഇരിക്കാറില്ലായിരുന്നു.

➢ നിങ്ങൾ മൂന്നുപേരുണ്ടെങ്കിൽ ഒരാളെ കൂടാതെ മറ്റേയാളോട് സ്വകാര്യം പറയുന്നത് നീ ഒഴിവാക്കുക.

➢ ഒരു കൂട്ടരുടെ സംസാരം അവരുടെ തൃപ്തിയോട് കൂടിയല്ലാതെ നീ കേൾക്കരുത്.

ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു:

**من استمع إلى حديث قوم وهم له كارهون، أو يفرون منه، صُبَّ في أذنه الآنك يوم القيامة**

أخرجه البخاري

"ആരെങ്കിലും താൻ കേൾക്കുന്നത് ഇഷ്ടമില്ലാത്ത, അല്ലെങ്കിൽ തന്നിൽ നിന്ന് അകന്ന് (ഓടി) പോകുന്ന ഒരു കൂട്ടരുടെ സംസാരം കാതോർത്തുകേട്ടാൽ ഖിയാമത്ത് നാളിൽ അവന്റെ ചെവിയിൽ ഉരുക്കിയ ഈയം ഒഴിക്കപ്പെടും. "

➢ ആളുകൾ കൂടിയ സദസ്സിൽ വെച്ച് ഏമ്പക്കം വിടുക എന്നത് എത്ര മാത്രം മോശപ്പെട്ട കാര്യമാണ്.!

ഇമാം തിർമിദി റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം.

**عن ابن عمر قال:**

**تجشأ رجل عند النبي صلى الله عليه وسلم فقال:**

**(كف عنا جشاءك فإن أكثرهم شبعا في الدنيا أطولهم جوعا يوم القيامة )**

أخرجه الترمذي

ഇബ്നു ഉമർ -റളിയല്ലാഹു അൻഹു- പറയുന്നു:

"ഒരാൾ നബി ﷺ യുടെ സദസ്സിൽ വെച്ച് ഏമ്പക്കം വിട്ടപ്പോൾ നബി ﷺ പറഞ്ഞു : നീ നിന്റെ ഏമ്പക്കമൊന്ന് അടക്കി വെക്ക്. നിശ്ചയം ദുൻയാവിൽ ഏറ്റവും കൂടുതൽ വയറുനിറഞ്ഞവർ, ഖിയാമത്ത് നാളിൽ ഏറ്റവും കൂടുതൽ വിശക്കുന്നവരായിരിക്കും."

ഇതുപോലെ തന്നെയാണ് മൂക്ക് പിഴിയുക, തുപ്പുക, കഫം കാറിത്തുപ്പുക, പല്ലിൽ കുത്തുക, വിരലുകൾ മൂക്കിലിട്ട് കളിക്കുക, പോലുള്ള കാര്യങ്ങളും. ഇതെല്ലാം

മാന്യമായ പെരുമാറ്റ മര്യാദക്ക് യോജിക്കാത്തതാണ്, മറ്റുള്ളവർക്ക് അറപ്പും വെറുപ്പും ഉണ്ടാക്കുന്ന കാര്യങ്ങളാണ്.

➢ ഗീബത്ത് പറയുന്നത് നീ വളരെയധികം സൂക്ഷിക്കണം. ദീനിലത് ഗൗരവമുള്ള തിന്മയും, വൃത്തികെട്ട പെരുമാറ്റ മര്യാദയുമാണ്.

"ഞാനിത് വേണമെങ്കിൽ അയാളുടെ മുന്നിൽ വെച്ചും പറയും, എനിക്ക് പേടിയില്ല"

എന്ന് നീ പറഞ്ഞാലും ഗീബത്ത് ഗീബത്ത് തന്നെയാണ്.

' ഇന്നയാൾ -അല്ലാഹു അയാളെ ഹിദായത്തിലാക്കട്ടെ- ഇങ്ങനെ ഇങ്ങനെയൊക്കെ ചെയ്യുന്നു' എന്ന് ഗീബത്ത് പറഞ്ഞയാൾക്ക് വേണ്ടി പ്രാർത്ഥിച്ചാലും ഗീബത്ത് ഗീബത്ത് തന്നെയാണ്.

ചിലർ വിചാരിക്കുന്നതു പോലെ പ്രാർത്ഥിച്ചതുകൊണ്ട് അത് ഗീബത്തല്ലാതാകുകയില്ല.

➢ എല്ലാ തരം വൃത്തികെട്ടതും മ്ലേച്ഛമായതുമായ സംസാരങ്ങൾ നീ ഒഴിവാക്കുക. അല്ലാഹു എല്ലാ തരത്തിലുമുള്ള മ്ലേച്ഛതകളെയും വെറുക്കുന്നു.

അല്ലാഹു പറയുന്നു:

وَقُل لِّعِبَادِي يَقُولُوا الَّتِي هِيَ أَحْسَنُ

(الإسراء :53)

{എന്റെ അടിമകളോട് നീ പറയുക; അവർ ഏറ്റവും നല്ല വാക്ക് സംസാരിക്കണമെന്ന്.}

➢ സത്യം നിന്റെ ഭാഗത്താണെങ്കിലും നീ തർക്കം ഒഴിവാക്കുക. അത് നല്ല ഗുണമാണ്.

നബി ﷺ പറഞ്ഞു:

....أنا زَعِيمٌ بِبَيتٍ في ربَضِ الجنَّةِ لِمَنْ تَرَكَ المِرَاءَ وَإنْ كَانَ مُحِقًّا

"സത്യം തന്റെയടുക്കലായിരിന്നിട്ട് കൂടി തർക്കം ഒഴിവാക്കിയവന് സ്വർഗത്തിന്റെ താഴ്ഭാഗത്ത് ഒരു കൊട്ടരമുണ്ടെന്ന് ഞാൻ ഉറപ്പ് നൽകാം."

ആളുകളോട് മയത്തിൽ പെരുമാറുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് തർക്കം ഒഴിവാക്കൽ.

- അമിതമായ ചിരി ഹൃദയത്തെ നിർജീവമാക്കും. അത് നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ടതാണ്.

അതിനേക്കാൾ മോശപ്പെട്ട കാര്യമാണ് കളവുപറഞ്ഞ് മറ്റുള്ളവരെ ചിരിപ്പിക്കൽ.
നബി ﷺ പറഞ്ഞു:

ويلٌ للذي يحدِّثُ فيكذِبُ ليُضحكَ بهِ القومَ ويلٌ لهُ ويلٌ لهُ

رواه الترمذي وأبو داود

"മറ്റുള്ളവരെ ചിരിപ്പിക്കാനായി, സംസാരിക്കുമ്പോൾ കളവ് പറയുന്നവന് നാശം!. അവന് നാശം!, അവന് നാശം!"

- ചെറുതും, വലുതുമായ എല്ലാ കാര്യങ്ങളിലും നീ നിന്റെ അഭിപ്രായം പ്രകടിപ്പിക്കലും മറ്റുള്ളവരുടെ സംസാരത്തെ അവഗണിച്ചു കൊണ്ട് നിന്റെ സംസാരത്തിന് പ്രാധാന്യം നൽകലും, തന്നെക്കുറിച്ചും തന്റെ യോഗ്യതകളെക്കുറിച്ചും അമിതമായി സംസാരിക്കലുമെല്ലാം അദബ് കേടാണ്.

- കിട്ടിയ വിവരങ്ങൾ ശരിയാണോ എന്ന് ഉറപ്പ് വരുത്താതെയും -ശരിയാണെങ്കിൽ തന്നെ - അത്

പ്രചരിപ്പിച്ചാലുണ്ടാകുന്ന പരിണിത ഫലത്തെക്കുറിച്ച് ചിന്തിക്കാതെയും പ്രചരിപ്പിക്കുക എന്നത് വിഡ്ഢിത്തവും അവിവേകവുമാണ്.

➢ തമാശ നല്ലതാണ്. അത് കുറക്കുന്നതാണ് ഏറ്റവും നല്ലത്.

തിന്മയായ തമാശയിൽപ്പെട്ടതാണ്, ഒരാളെ കളിപ്പിക്കാൻ വേണ്ടി അയാളുടെ വസ്തുക്കൾ ഒളിപ്പി-ച്ചുവെക്കൽ.

വളരെ ആഹ്ലാദത്തോടെ പലരും ചെയ്യുന്ന കാര്യമാണിത്. അവർ ഒരു തിന്മയാണ് ചെയ്യുന്നതെന്ന് അവർ ശ്രദ്ധിക്കുന്നില്ല.

നബി ﷺ പറഞ്ഞു :

**لا يَأْخُذَنَّ أحدُكم متاعَ أَخِيهِ جادًّا ولا لاعبًا وإذا أخذ أحدُكم عصا أَخِيهِ فلْيَرُدَّها عليه**

أخرجه أحمد والترمذي وأبو داود

"തമാശയായിട്ടോ കാര്യമായിട്ടോ നിങ്ങളിലൊരാളും തന്റെ സുഹൃത്തിന്റെ വസ്തുക്കൾ എടുക്കരുത്. നിങ്ങളിലാരെങ്കിലും തന്റെ സഹോദരന്റെ വടി അങ്ങനെ എടുത്തിട്ടുണ്ടെങ്കിൽ അത് തിരിച്ച് കൊടുക്കട്ടെ."

➢ കണ്ടുമുട്ടുന്നവരോടും കൂടെ സഹവസിക്കുന്നവരോടു-മെല്ലാം പ്രസന്നതയോടെയും സൗമ്യമായും സ്നേഹമുണ്ടാ-ക്കിയും ഇടപഴകുക എന്നത് ഉന്നതമായ അദബും വലിയ പ്രതിഫലമുള്ള കാര്യവുമാണ്.

നബി ﷺ പറഞ്ഞു. :

**تبسُّمك في وجه أخيك لك صدقة**

أخرجه الترمذي

"നിന്റെ സഹോദരന്റെ മുഖത്ത് നോക്കി പുഞ്ചിരിക്കുന്നത് സ്വദഖയാണ്."

നബി ﷺ പറഞ്ഞു :

**لا تحقرنَّ من المعروف شيئًا، ولو أن تلقى أخاك بوجه طَلْق**

أخرجه مسلم

"ഒരു നന്മയും നീ നിസ്സാരമായി കാണരുത്. പ്രസന്നമായ മുഖത്തോട് കൂടി നിന്റെ സഹോദരനെ കണ്ടുമുട്ടുന്നതു പോലും. "

കവി പറയുന്നു :

**أبُنَيَّ إنَّ البِرَّ شيءٌ هيِّنُ**

**وجهٌ طليقٌ وكلامٌ ليِّنُ**

"പൊന്നു മോനെ, പുണ്യം വളരെ എളുപ്പമുള്ള കാര്യമാണ്.
പ്രസന്നമായ മുഖവും സൗമ്യമായ സംസാരവുമാണത്. "

എല്ലാവരെയും നിങ്ങൾ പുഞ്ചിരിയോടെയാണല്ലോ അഭിമുഖീകരിക്കുന്നത് എന്ന് ചിലരോട് ചോദിക്കപ്പെട്ടപ്പോൾ അവർ പറഞ്ഞു: "ഏറ്റവും കുറഞ്ഞ ചിലവിൽ പക ഇല്ലാതാക്കലും, സുഹൃത്തുക്കളെ സമ്പാദിക്കലുമാണിത്."

- മുതിർന്നവരോട് കൂടെ ഇരിക്കുമ്പോഴും അവരോടൊത്ത് നടക്കുമ്പോഴും സംസാരിക്കുമ്പോഴുമെല്ലാം അവരോട് നിർവഹിക്കേണ്ട ചില കടമകളുണ്ട്.

പ്രായം കുറവാണെങ്കിലും അറിവു കൊണ്ട് മുതിർന്നവരും, അറിവുള്ളവരെല്ലെങ്കിലും പ്രായം കൊണ്ട് മുതിർന്നവരും മുതിർന്നവരാണ്.

അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക, അത് അവരോടുള്ള കടമയാണ്.

അവർ പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ ശ്രവിക്കുക.

അവരോട് സൗമ്യമായി സംസാരിക്കുക.

ആദരവർഹിക്കുന്ന കാര്യങ്ങളിൽ അവർക്ക് മുൻഗണന നൽകുക.

നബി ﷺ പറഞ്ഞു:

**من لم يرحم صغيرنا ويجل كبيرنا فليس منا**

أخرجه البخاري في الأدب المفرد

"നമ്മളിലെ ചെറിയവരോട് കരുണ കാണിക്കുകയും വലിയവരോട് ആദരവ് കാണിക്കുകയും ചെയ്യാത്തവൻ നമ്മിൽ പെട്ടവനല്ല."

നബി ﷺ പറഞ്ഞു:

**ليس منا من لم يرحمْ صغيرَنا ، ويُوَقِّرْ كبيرَنا**

أخرجه الترمذي

"നമ്മളിലെ ചെറിയവരോട് കരുണ കാണിക്കുകയും വലിയവരേട് ആദരവ് കാണിക്കുകയും ചെയ്യാത്തവൻ നമ്മിൽ പെട്ടവനല്ല."

നബി ﷺ പറഞ്ഞു:

**...إِنَّ مِنْ إِجْلَالِ اللهِ تَعَالَى إِكْرَامَ ذِي الشَّيْبَةِ الْمُسْلِمِ**

رواه أبِو داود.

(പ്രായമായി) നര വന്നവരെ ആദരിക്കുന്നത് അല്ലാഹുവിനോടുള്ള ആദരവിന്റെ ഭാഗമാണ്.

മഹാനായ താബിഈ ത്വാവൂസ് ബ്നു കൈസാൻ -റഹിമഹുല്ലാഹ്- പറഞ്ഞു:

**مِن السُّنَّة أن يُوقَّر أربعة: العالم، وذو الشَّيبة، والسُّلطان، والوالد، ومِن الجَفَاء أن يدعو الرَّجل والده باسمه**

(جامع معمر بن راشد)

"നാല് വിഭാഗം ആളുകളെ ആദരിക്കൽ സുന്നത്തിൽ പെട്ടതാണ്; പണ്ഡിതർ, നരവന്നവർ (പ്രായമായവർ), ഭരണാധികാരി, പിതാവ്. പരുക്കൻ പെരുമാറ്റത്തിൽ പെട്ടതാണ് ഒരാൾ തന്റെ ഉപ്പയെ പേരെടുത്ത് വിളിക്കൽ."

➢ സദസ്സുകളിൽ, അറിവിലും പ്രായത്തിലും തന്റെ ഒപ്പമുള്ളവരോട് ഒരു പോലെയാകാൻ ശ്രമിക്കുക എന്നത് നല്ല മര്യാദയാണ്.

ചിലർ പറഞ്ഞിട്ടുണ്ട്.

**وإذا جلستَ وكان مثـــلُكَ قائمًا**
**فمِن المروءَة أن تقـــومَ وإن أَبَـــى**
**وإذا اتكـــأتَ وكان مثلُكَ جالسًا**
**فمِن المروءَة أن تُزيـــلَ المتَّكـــا**
**وإذا ركبتَ وكان مثـــلُكَ ماشيًا**
**فمن المروءَة أن مشيتَ كما مشى**

"നീ ഇരിക്കുകയും നിന്നെ പോലുള്ളവർ സദസ്സിൽ നിൽക്കുകയുമാണെങ്കിൽ നീയും എണീറ്റ് നിൽക്കുക എന്നത് നല്ല വ്യക്തിത്വത്തിന്റെ ഭാഗമാണ്; അവർ എതിർത്താലും ശരി. നീ ചാരിയിരിക്കുകയും മറ്റുള്ളവർ ചാരാതെ ഇരിക്കുകയുമാണെങ്കിൽ നീ ചാരിയിരുത്തം ഒഴിവാക്കൽ നല്ല വ്യക്തിത്വത്തിന്റെ ഭാഗമാണ്. നീ വാഹനത്തിലും നിന്റെ കൂടെയുള്ളവർ നടക്കുകയുമാണെങ്കിൽ അവരെ പോലെ നീയും ഇറങ്ങി നടക്കൽ നല്ല വ്യക്തിത്വത്തിന്റെ ഭാഗമാണ്."

- നിന്റെ സഹോദരനെ കണ്ടുമുട്ടുമ്പോഴും അവന്റെ കൂടെയിരിക്കുമ്പോഴും ഏറ്റവും നല്ല രൂപത്തിലും, നല്ല വസ്ത്രം ധരിച്ചും പുഞ്ചിരിച്ചു കൊണ്ടും, വൃത്തിയോടെയും, സുഗന്ധം പൂശി കൊണ്ടും, ഒതുക്കത്തോടെ, നല്ല രൂപത്തിൽ വസ്ത്രം ധരിച്ചുമായിരിക്കാൻ ശ്രദ്ധിക്കുക. അല്ലാഹു വൃത്തിയും ഭംഗിയും ഇഷ്ടപ്പെടുന്നു. എല്ലാതരം മ്ലേച്ഛതകളെയും അവൻ വെറുക്കുകയും ചെയ്യുന്നു.

**تمت بحمد الله**

معهد الإمام أحمد بن حنبل لتحفيظ القرآن الكريم

IMAM AHMED BIN HANBAL CENTRE FOR MEMORIZATION OF THE HOLY QUR-AN

**Karikkamkulam, Karaparamba, Kozhikode**

**Run buy : Darul Huda Charitable trust.**